

## എസ്.ബി & അസംപ്ഷന്‍ പൂര്‍വ വിദ്യാര്‍ഥി സംഘടനയ്ക്ക് പുതിയ സാരഥികള്‍

ന്യൂയോര്‍ക്ക്: ന്യൂയോര്‍ക്കില്‍ പ്രവര്‍ത്തിക്കുന്ന ചങ്ങനാശേരി എസ്.ബി കോളജ് ആന്‍ഡ് അസംപ്ഷന്‍ കോളജ് പൂര്‍വ വിദ്യാര്‍ഥി സംഘടനയുടെ യോഗം പ്രസിഡന്റ് ജോളി ജേക്കബ് ചെന്നിത്തലയുടെ അധ്യക്ഷതയില്‍ ചേര്‍ന്ന് സംഘടനയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

യോഗത്തില്‍ കേരളത്തിലെ അസംപ്ഷന്‍ കോളജ് പൂര്‍വ വിദ്യാര്‍ഥി സംഘടനയുടെ പ്രസിഡന്റ് എല്‍സമ്മ ജോബ്, ഫാ. ജോസഫ് ആലഞ്ചേരില്‍ എന്നിവര്‍ അതിഥികളായി പങ്കെടുത്തു.

പുതിയ ഭാരവാഹികളായി ജോണ്‍ പി. ചാക്കോ (പ്രസിഡന്റ്), ആലീസ് കുഞ്ചെറിയ, ആന്റണി പുത്തന്‍പുര (വൈസ് പ്രസിഡന്റുമാര്‍), ബാബു തോമസ് ഇടനാട് (ജനറല്‍ സെക്രട്ടറി), ജോര്‍ജ് പുതുമന (ജോ. സെക്രട്ടറി), വര്‍ഗീസ് തോമസ് (ട്രഷറര്‍) രാജി പി. കുര്യന്‍ (ജോ. ട്രഷറര്‍) എന്നിവരെ തെരഞ്ഞെടുത്തു. ഫാ. ജോസഫ് ആലഞ്ചേരി സംഘടനയുടെ അഡ്വൈസറായിരിക്കും.

കേരളത്തിലെ അസംപ്ഷന്‍ കോളജ് പൂര്‍വ വിദ്യാര്‍ഥി സംഘടനാ പ്രസിഡന്റ് എല്‍സമ്മ ജോബ് നടത്തിയ ആശംസാ പ്രസംഗത്തില്‍, അസോസിയേഷന്റെ കേരളത്തിലെ പ്രവര്‍ത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഫാ. ജോസഫ് ആലഞ്ചേരിയും ആശംസാ പ്രസംഗം നടത്തി.

പ്രസിഡന്റ് ജോലി ജേക്കബ് തന്റെ അധ്യക്ഷപ്രസംഗത്തില്‍ സംഘടനയുടെ കഴിഞ്ഞകാല മാതൃകാപരമായ ജീവകാരുണ്യ, സാമൂഹ്യ പ്രവര്‍ത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും, തനിക്ക് നല്‍കിയ എല്ലാ സഹകരണത്തിനും പ്രോത്സാഹനത്തിനും സഹപ്രവര്‍ത്തകര്‍ക്കും മറ്റ് അംഗങ്ങള്‍ക്കും അഭ്യുദയകാംക്ഷികള്‍ക്കും പ്രത്യേകം നന്ദി പറഞ്ഞു.

നിയുക്ത പ്രസിഡന്റ് ജോണ്‍ പി. ചാക്കോ നന്ദി പ്രസംഗം നടത്തി. തങ്ങളുടെ മാതൃവിദ്യാലയങ്ങളുടെ പുരോഗതിക്കും സമൂഹ നന്മയ്ക്കും ഉപകരിക്കുന്ന നൂതന പദ്ധതികള്‍ ആവിഷ്കരിച്ച് നടപ്പാക്കുമെന്നും അതിലേക്ക് എല്ലാ പൂര്‍വ വിദ്യാര്‍ഥികളുടേയും സഹകരണവും പ്രോത്സാഹനവും ഉണ്ടാവണമെന്നും അഭ്യര്‍ഥിച്ചു. അതുപോലെ അമേരിക്കയുടെ വിവിധ പ്രദേശങ്ങളില്‍ പ്രവര്‍ത്തിക്കുന്ന എസ്.ബി&അസംപ്ഷന്‍ അലുംമ്നി അസോസിയേഷനുകളുടെ ദേശീയതലത്തിലുള്ള ഒരു കൂട്ടായ്മയ്ക്ക് വേണ്ടിയുള്ള ശ്രമം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. താത്പര്യമുള്ളവര്‍ പരസ്പരം ബന്ധപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

കൂടുതല്‍ വിവരങ്ങള്‍ക്ക്:

ജോണ്‍ പി. ചാക്കോ (914 479 2513, ഇമെയില്‍: chacko123@verizon.net),
ബാബു തോമസ് ഇടനാട് (516 746 0682),
വര്‍ഗീസ് തോമസ് (ഇമെയില്‍: varghesethomas@optonline.net),
ആന്റണി പുത്തന്‍പുര (516 567 1352)
ആലീസ് കുഞ്ചെറിയ (718 831 1490).
രാജി പി. കുര്യന്‍ (516 775 1006),
റിപ്പോര്‍ട്ട്: ജോയിച്ചന്‍ പുതുക്കുളം